നടക്കേണ്ട അവസ്ഥ നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ. എത്രമാത്രം ദുരിതമാണ് ഇത്തരം ആളുകൾ അനുഭവിക്കുന്നത്. ബാഗിനുള്ള സാമ്പത്തിക ചെലവ് ഇവർക്ക് താങ്ങാൻ കഴിയുകയില്ല. 10 ബാഗുകളുള്ള കൊളോസ്റ്റമി കിറ്റിന് 850 രൂപയാണ് വില. ഒരു കിറ്റ് 15 ദിവസത്തേക്ക് മതിയാകും. ഒരു മാസം 1700 രൂപ വേണം. ഈ രോഗികളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബാധ്യത ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല. നമ്മുടെ ഗവൺമെന്റ് ഒരുപാട് ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിരവധി രോഗികളെയും നിരാലംബരേയും സഹായിക്കുന്നുണ്ട്. ഈ വിഭാഗത്തിനും സഹായം നല്കണമെന്നതാണ് എന്റെ അപേക്ഷ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ രോഗത്തിന്റെ കാര്യം വിശദമായി ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ സൂചിപ്പിച്ചു. കൊളോസ്റ്റമി വഴി മലം പുറത്തേക്ക് വരുന്നവർക്ക് രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗ് വയ്ക്കേണ്ട ആവശ്യകതയുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ 2000-ത്തോളം രൂപ പ്രതിമാസം ചെലവു വരുന്നു എന്നുള്ളത് കണക്കാക്കപ്പെട്ടിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടുവഴി കൊളോസ്റ്റമി ബാഗിനുള്ള സാമ്പത്തിക സഹായം ഇപ്പോൾ നിലവിലുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് സൗജന്യമായി കൊളോസ്റ്റമി ബാഗ് നല്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(4) സ്റ്റാഫ് നഴ്സുമാരുടെ നിയമനം

ശ്രീ. എ. റ്റി. ജോർജ് : സർ, 2016 നവംബർ മാസത്തിൽ അവസാനിക്കുന്ന പി.എസ്.സി.-യുടെ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ആരോഗ്യ രംഗത്ത് ഒരുപാട് കാര്യങ്ങളിൽ നമ്മൾ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും നഴ്സുമാരുടെ കാര്യത്തിൽ മാത്രം 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇന്നും തുടർന്നുവരുന്നത്. ഒരു ഡോക്ടർക്കും രോഗിക്കുമിടയിൽ നിന്നുകൊണ്ട് മാലാഖമാരെപ്പോലെ പ്രവർത്തിക്കുന്നവരാണ് നഴ്സുമാർ. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 583 പേരിൽ 154 പേർക്ക് മാത്രമാണ് ഇതുവരെ നിയമനം ലഭിച്ചിട്ടുള്ളത്. നിയമന ഉത്തരവ് ലഭിക്കുമെന്ന് പ്രതീക്ഷിച്ച് നിരവധി ഉദ്യോഗാർത്ഥികൾ കാത്തിരിക്കുകയാണ്. അവർക്ക് ഇനി ജോലി കിട്ടുന്നതിനു വേണ്ടിയുള്ള അവസരം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണ്. സർക്കാരിന്റെ പുതിയ ആരോഗ്യ നയപ്രകാരം 4:1 എന്ന അനുപാതത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കണം. അത് അംഗീകരിച്ചുകഴിഞ്ഞാൽ ഇത്രയും നഴ്സുമാരെ നമുക്ക് നിയമിക്കുവാൻ സാധിക്കും. സംസ്ഥാനത്ത് പഠിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽപോയി ജോലി ചെയ്യുന്ന നഴ്സുമാരെ നമുക്ക് മറക്കുവാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന് ആവശ്യമായ വിദേശനാണ്യം നേടിത്തരുന്നവരാണ് അവർ. പലപ്പോഴും വിദേശത്ത്, ഇറാൻ പോലുള്ള രാജ്യങ്ങളിൽ യുദ്ധം നടന്നപ്പോൾ നമ്മുടെ നഴ്സുമാർ അവിടെ അനുഭവിച്ച ബുദ്ധിമുട്ടുകൾ നാമെല്ലാം മനസ്സിലാക്കിയതാണ്. നമ്മുടെ സംസ്ഥാനത്തുതന്നെ പാവപ്പെട്ട ഒരുപാട് ഉദ്യോഗാർത്ഥികൾ നിയമനം ലഭിക്കുന്നതിനായി കാത്തിരിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ജോലി നൽകുവാനുള്ള അവസരം കൂടി നൽകേണ്ടതുണ്ട്. അത് ഒരു സാമൂഹിക ഉത്തരവാദിത്തമായി കണക്കാക്കിക്കൊണ്ട് 4:1 എന്ന അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചുകൊണ്ട് നഴ്സുമാരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ നിലവിലുള്ളത് 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ്. ഐ.പി. വിഭാഗം പ്രവർത്തിക്കുന്ന ആശുപത്രിയിലെ കിടക്കകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് നഴ്സുമാരെ നിയമിക്കുന്നത്. അതുപ്രകാരം നഴ്സും ഐ.പി. വിഭാഗത്തിലെ കിടക്കകളും തമ്മിലുള്ള അനുപാതം 1:10 ആണ്. എന്നാൽ 2008-ലെ സർക്കാർ ഉത്തരവ് പ്രകാരം കിടക്കകളുടെ എണ്ണം മാത്രമല്ല ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ചികിത്സാ സൗകര്യംകൂടി കണക്കിലെടുക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ DME, DHS എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുൾപ്പെടെ അയ്യായിരത്തിലേറെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഡി.എച്ച്.എസിൽ 874-ഉം ഡി.എം.ഇ.-യുടെ കീഴിൽ 350-ലേറെയും നഴ്സുമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 16-1-2016 വരെ 166 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുമ്പോൾ 19 ഒഴിവുകളാണ് ഉണ്ടാകുന്നത്. കൂടാതെ വലിയതുറ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച 5 സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ ഉൾപ്പെടെ 24 ഒഴിവുകൾ ഉടൻ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. സംസ്ഥാനത്ത് ഒഴിവുകൾ വരുന്ന മുറയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/239/2020-49

LIBRARY ARCHIVES Kerala Legislative Assembly